
ലേഖനം

മുഹമ്മദ് പാലത്ത്

ബദൽ തേടുന്ന ആധുനിക സമ്പദ്ക്രമം – 2

# ഇസ്‌ലാമിക സമ്പദ്ഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾ

ഇസ്‌ലാമിക സമ്പദ്ക്രമത്തിൽ ചെറിയ വിഭാഗം സമ്പന്നരുടെ ആർത്തി ശമിപ്പിക്കുന്നതിനല്ല, ബഹുഭൂരിപക്ഷത്തിന്റെ അടിസ്ഥാന ആവശ്യപൂർത്തീകരണത്തിനാണ് മുൻഗണന നൽകുന്നത്. പണമുള്ളവന്റെ ആവശ്യത്തെക്കാൾ പരിഗണിക്കേണ്ടത് സമൂഹത്തിന്റെ അനിവാര്യതകളാണ്. മുതലാളിത്തം പണമുള്ളവന്റെ താൽപര്യങ്ങൾ മാത്രമാണ് ഉൽപാദനത്തിൽ പരിഗണിക്കുക. സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് മുഖ്യ പരിഗണന നൽകുന്നതിലൂടെ ഇസ്‌ലാം അസന്തുലിതത്വവും സമ്പന്നതക്ക് നടുവിലെ ദാരിദ്ര്യവും ഇല്ലാതാക്കുന്നു.




**ഇസ്‌ലാം** ഒരു ജീവിത വ്യവസ്ഥയാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും അത് ഉൾക്കൊള്ളുന്നു. സമ്പദ് വ്യവസ്ഥയെ മാത്രം അതിൽനിന്ന് അടർത്തിയെടുക്കുക സാധ്യമല്ല. സാമൂഹിക ജീവിതത്തിന്റെ ഭാഗമായി മാത്രമേ സമ്പദ്ക്രമത്തെയും കാണാൻ കഴിയൂ. അതിനാൽ സാമ്പത്തിക ഇടപാടുകൾ ദൈവത്തിന്റെ വിധിവിലക്കുകൾക്കനുസരിച്ചാവണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നു. എങ്ങനെയാണ് ഒരു മാതൃകാ സമൂഹം കെട്ടിപ്പടുക്കേണ്ടത് എന്ന് പഠിപ്പിക്കുകയും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തിട്ടുണ്ട് പ്രവാചകൻ. ഇസ്‌ലാമിന്റെ പ്രപഞ്ച സങ്കൽപമറിയാതെ സാമ്പത്തിക മേഖല മാത്രമെടുത്ത് പഠിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നത് പല വക്രീകരണങ്ങൾക്കും കാരണമാകും. സ്രഷ്ടാവ്, മനുഷ്യൻ, സമൂഹം ഇവയുമായി ബന്ധപ്പെട്ട നിയമങ്ങൾ (ശരീഅ) എന്നിവ തമ്മിലുള്ള ബന്ധം സമ്പദ്ക്രമത്തെ ചൂഴ്ന്നു നിൽക്കുന്നു. ഈ അടിസ്ഥാനങ്ങളിലേ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനാവൂ. ഇസ്‌ലാമിക സമ്പദ്ക്രമത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ ഇനിപറയുന്നവയാണ്.

### 1. ദൈവികമായ ഉടമാവകാശം

ഇസ്‌ലാമിന്റെ സാമ്പത്തിക വീക്ഷണങ്ങളുടെ അടിസ്ഥാനം ഉടമാവകാശമാണ്. സമ്പത്തിന്റെ യഥാർഥ ഉടമ അല്ലാഹുവാണ്. അവൻ നൽകിയ സമ്പത്ത് അനുവദിച്ച രീതികളിൽ വിനിയോഗിക്കാനുള്ള അവകാശം മാത്രമേ മനുഷ്യനുള്ളൂ. വിശുദ്ധ ഖുർആൻ നിരവധി സ്ഥലങ്ങളിൽ ഇക്കാര്യം വ്യക്തമാക്കുന്നു. ഉടമാവകാശം വ്യക്തികൾക്ക് നൽകുന്ന മുതലാളിത്തത്തിൽനിന്നും സർക്കാരിന് നൽകുന്ന സോഷ്യലിസ്റ്റ് ആശയങ്ങളിൽനിന്നും ഏറെ ഭിന്നമാണിത്. സ്വകാര്യ ഉടമാവകാശവും സ്വതന്ത്രകമ്പോളവുമാണ് സമ്പദ്ക്രമത്തിലെ ഒട്ടനവധി ദൂഷ്യങ്ങൾ സൃഷ്ടിക്കുന്നത്. മനുഷ്യന് നിയന്ത്രിതമായ ഉടമാവകാശം മാത്രം നൽകുന്നതിലൂടെ ധാർമിക നൈതിക മൂല്യങ്ങൾ സാമ്പത്തിക ക്രയവിക്രയങ്ങളുടെ അവിഭാജ്യ ഘടകമായിത്തീരുന്നു. സമ്പത്തിനോടുള്ള ആർത്തി നിയന്ത്രിക്കപ്പെടുന്നു. വഴിവിട്ട മാർഗങ്ങളിലൂടെ ധനം ആർജിക്കുന്നത് തടയു

ന്നു. വ്യക്തിയുടെ സാമ്പത്തിക ശീലങ്ങളും സമൂഹത്തിന്റെ നയങ്ങളും അതിനനുസരിച്ച് രൂപപ്പെടുന്നു. ആർത്തി സൃഷ്ടിക്കുന്ന സാമ്പത്തിക മനുഷ്യനു പകരം (Economic man) ദൈവഭയം മൂലം നിയന്ത്രിക്കപ്പെടുന്ന ഇസ്‌ലാമിക മനുഷ്യനെ (Islamic man) സൃഷ്ടിക്കാൻ ഇതിടയാക്കുന്നു.

### 2. മനുഷ്യന്റെ പ്രാതിനിധ്യം

ദൈവം ഭൗതിക വിഭവങ്ങൾ മാത്രമല്ല, മനുഷ്യ ജീവിതം മുന്നോട്ടുനയിക്കുന്നതിനുള്ള മാർഗദർശനങ്ങൾ ലഭിക്കാനുള്ള സംവിധാനങ്ങളും ഭൂമിയിൽ ഒരുക്കിയിട്ടുണ്ട്. പ്രവാചകന്മാരുടെയും വേദഗ്രന്ഥങ്ങളുടെയും ദൗത്യം ഇതായിരുന്നു. ഭൂമിയിൽ ദൈവത്തിന്റെ പ്രാതിനിധ്യം നിർവഹിക്കലാണ് മനുഷ്യന്റെ ഉത്തരവാദിത്വം. പ്രാതിനിധ്യം ഏറ്റവും നന്നായി നിർവഹിക്കുന്നവരാണ് ഏറ്റവും ഉന്നതർ. ധിക്കരിക്കുന്നവർക്ക് കടുത്ത താക്കീതും നൽകിയിട്ടുണ്ട്. മാർഗദർശനം തള്ളാനും കൊള്ളാനും സ്വാതന്ത്ര്യമുണ്ടെന്നർഥം. മനുഷ്യന്റെ ലക്ഷ്യം ദൈവിക സാമീപ്യമാകയാൽ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് ഈ സൂക്ഷ്മതയായിരിക്കും. ജീവിതത്തിന്റെ കൂടുതൽ ക്രയവിക്രയങ്ങളും ഇടപാടുകളും സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ടതാകയാൽ ഈ സൂക്ഷ്മത ഇടപാടുകളിലും പ്രതിഫലിക്കണം. അതോടെ സാമ്പത്തിക വ്യവസ്ഥയിൽ അച്ചടക്കവും നീതിയും പുലരുന്നു.

### 3. സാമൂഹിക ബോധവും സഹകരണ മനസ്ഥിതിയും

ഭൗതിക ദർശനങ്ങളുടെ അടിസ്ഥാന പ്രചോദനം സ്വാർഥതയാണ്. കൂടുതൽ സമ്പാദിക്കാനും സുഖസൗകര്യങ്ങൾ ആസ്വദിക്കാനുമുള്ള താൽപര്യമാണ് സാമ്പത്തിക പ്രവർത്തനങ്ങൾക്ക് പ്രചോദനം. ഇത് അതിരുകവിയുമ്പോഴാണ് ആർത്തിയായി രൂപാന്തരപ്പെടുന്നത്. ഇസ്‌ലാം മനുഷ്യന്റെ പ്രകൃതിപരമായ ഈ വികാരത്തെ പരിഗണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഐശ്വര്യ സമ്പൂർണരായ ഏതാനും വ്യക്തികളെ സൃഷ്ടിക്കാനല്ല, ക്ഷേമം കളിയാടുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്താനാണ് ഇസ്‌ലാം യത്നിക്കുന്നത്. വ്യക്തികളുടെ സുഖ സമ്പൂർണതയെ പ്രതിനിധീകരിക്കുന്ന യൂട്ടിലിറ്റി അഥവാ ഉപയുക്തതയല്ല, സമൂഹക്ഷേമം കൂടി പരിഗണിക്കുന്ന പൊതു നന്മയാണ് ഇസ്‌ലാം ലക്ഷ്യംവെക്കുന്നത്. സമൂഹതാൽപര്യത്തോട് എതിരുനിൽക്കുന്ന വ്യക്തിതാൽപര്യങ്ങളെ ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു.

ഖുർആനിലും ഹദീസിലും ഇതുസംബന്ധമായി ധാരാളം പരാമർശങ്ങൾ കാണാം. അയൽവാസിയോടും ആശ്രിതരോടും നന്മപ്രവർത്തിക്കുന്നവരാണ് ഉന്നതർ എന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. മനുഷ്യസമൂഹം പരസ്പര ബന്ധിതമാണ്. സഹകരണമാണ് അവരെ മുന്നോട്ടു നയിക്കുന്നത്. ഭൗതിക കാഴ്ചപ്പാടനുസരിച്ച് ഓരോരുത്തരും സഹജീവികളെ (തൊഴിലാളികളെ, ഉപഭോക്താക്കളെ) തന്റെ ആർത്തി ശമിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളായി കാണുന്നു. സ്വാർഥതയായിരിക്കും അവരുടെ മുഖമുദ്ര. സമ്പത്ത് മറ്റുള്ളവർക്ക് നൽകാനും അവരുടെ ക്ഷേമത്തിൽ ഐശ്വര്യം കണ്ടെത്താനുമാണ് ഇസ്‌ലാം നിർദേശിക്കുന്നത്. സമ്പത്ത് നന്മയുടെ മാർഗത്തിൽ വ്യയംചെയ്യുന്നതിലൂടെ സമൂഹത്തിൽ ക്രയവിക്രയങ്ങൾ വർധിക്കുകയും സാമ്പത്തിക വളർച്ചക്ക് കാരണമാവുകയും ചെയ്യുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ദൈവത്തിലും പരലോകത്തിലും വിശ്വാസമുള്ള ഒരു സമൂഹത്തിലേ ഇത്തരമൊരു വ്യവഹാരം സാധ്യമാവൂ. സ്രഷ്ടാവിന്റെ ഏകത്വത്തിൽനിന്നാണ് മനുഷ്യകുലത്തിന്റെ ഐക്യവും സഹകരണവും പിറവിയെടുക്കുന്നത്. അങ്ങനെ സാമൂഹിക ക്ഷേമം ഓരോ പൗരന്റെയും കടമയായി മാറുന്നു.

### 4. അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന

ഇസ്‌ലാമിക സമ്പദ്ക്രമത്തിൽ ചെറിയ വിഭാഗം സമ്പന്നരുടെ ആർത്തി ശമിപ്പിക്കുന്നതിനല്ല, ബഹുഭൂരിപക്ഷത്തിന്റെ അടിസ്ഥാന ആവശ്യ പൂർത്തീകരണത്തിനാണ് മുൻഗണന നൽകുന്നത്. പണമുള്ളവന്റെ ആവശ്യത്തെക്കാൾ (wants) പരിഗണിക്കേണ്ടത് സമൂഹത്തിന്റെ അനിവാര്യതകളാണ് (needs). അനിവാര്യതകളോടൊപ്പം, വാങ്ങൽശേഷി (അഥവാ പണം) കൂടി ചേരുമ്പോഴേ ആവശ്യമാവുന്നുള്ളൂ. വിതരണക്രമമാണ് വാങ്ങൽശേഷി നിയന്ത്രിക്കുന്നത്. മുതലാളിത്തം പണമുള്ളവന്റെ താൽപര്യങ്ങൾ മാത്രമാണ് ഉൽപാദനത്തിൽ പരിഗണിക്കുക. സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് മുഖ്യ പരിഗണന നൽകുന്നതിലൂടെ ഇസ്‌ലാം അസന്തുലിതത്വവും സമ്പന്നതക്ക് നടുവിലെ ദാരിദ്ര്യവും ഇല്ലായ്മ ചെയ്യുന്നു.

### 5. മിതത്വം

ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങൾക്കുമുള്ള വിഭവങ്ങൾ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. അത് കണ്ടെത്തി ഉപയോഗപ്പെടുത്തുമ്പോൾ ദാരിദ്ര്യത്തിനും പട്ടിണിക്കും സാധ്യതയില്ല. ഈ വിഭവങ്ങൾ ഒരു വിഭാഗം കുത്തകയാക്കി വെക്കുകയും ധൂർത്തടിച്ച് പാഴാക്കുകയും ചെയ്യുന്നതാണ് എല്ലാ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കും കാരണമാവുന്നത്. ചെറുവിഭാഗത്തിന്റെ അമിത ഉപഭോഗം ബഹുഭൂരിപക്ഷത്തിനെ വിഭവ കമ്മിയിലേക്ക് നയിക്കുന്നു. ഇവിടെയാണ് 'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, അതിരുകവിയരുത്' എന്ന ഇസ്‌ലാമിക കൽപനക്ക് പ്രാധാന്യം കൈവരുന്നത്. ഭൗതിക വ്യവസ്ഥയുടെ കൂടെപ്പിറപ്പുകളായ അമിത ഉപഭോഗവും ധൂർത്തും സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് വികസനത്തിന്റെ ദുരന്തങ്ങളിൽ പലതും. പരിസ്ഥിതി മലിനീകരണം, വിഭവദൗർലഭ്യം, ദാരിദ്ര്യം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനാവുക മിതത്വം എന്ന ഇസ്‌ലാമിക കൽപന പാലിക്കപ്പെടുമ്പോൾ മാത്രമാണ്.

**ഇടപാടുകളിൽ വഞ്ചന, കുത്തകവൽക്കരണം, സംഘം ചേർന്നുള്ള ചൂഷണം (Coalition), കമ്പോള വിലയേക്കാൾ കുറച്ചു വിൽക്കൽ, കൂടുതൽ സാധനങ്ങളിറക്കി വിലകുറക്കാൻ ശ്രമിക്കൽ (dumping), ഊഹക്കച്ചവടം, പൂഴ്ത്തിവെപ്പ്, വില ഉയർത്താൻ വേണ്ടി അനാവശ്യമായ ഇടപാടുകൾ നടത്തൽ തുടങ്ങിയവയെല്ലാം ഇസ്‌ലാം നിരോധിക്കുന്നു.**

### 6. സംരംഭകത്വ പ്രോത്സാഹനം

ഉടമാവകാശം അല്ലാഹുവിനാണെങ്കിലും ന്യായമായ മാർഗങ്ങളിലൂടെ കൂടുതൽ സമ്പത്ത് ആർജിക്കാനുള്ള എല്ലാ പ്രോത്സാഹനവും ഇസ്‌ലാം നൽകുന്നു. ജീവിതായോധനത്തിനുവേണ്ടി അധ്വാനിക്കുന്നത് വിശ്വാസ പൂർത്തീകരണത്തിന്റെ ഭാഗമായി പ്രവാചകൻ പ്രഖ്യാപിക്കുകയുണ്ടായി. അവനവന്റെ അന്നത്തിനും കുടുംബം പുലർത്തുന്നതിനും പണിയെടുക്കാൻ തയാറില്ലാത്തവന് വിശ്വാസമില്ല എന്നാണ് അതിനർഥം. കൂടുതൽ സമ്പത്ത് ആർജിക്കുന്നത് സമൂഹത്തിന്റെ ഐശ്വര്യ



**സമ്പത്ത് നേടൽ ജീവിതത്തിന്റെ ലക്ഷ്യമാവാനും പാടില്ല, ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള ഒരു മാർഗം മാത്രമാണ് സമ്പത്ത്. അത് അവകാശികൾക്കിടയിൽ വിതരണം ചെയ്യപ്പെടണം. സമ്പദ്ക്രമത്തിൽ നിശ്ചലത അനുവദിക്കുകയില്ല. പരമാവധി ഇടപാടുകൾ നടക്കണം. പലിശ നിരോധനവും സകാത്തും പണത്തെ ഈ ദിശയിൽ ചലിപ്പിക്കുന്നു. അങ്ങനെ സമ്പദ് വ്യവസ്ഥ വികസനം പ്രാപിക്കുന്നു. സാമ്പത്തിക വളർച്ചയെ മുതലാളിത്തത്തേക്കാൾ പ്രോത്സാഹിപ്പിക്കുന്നത് ഇസ്‌ലാമാണെന്നു കാണാം.**

ത്തിന് കാരണമാവുന്നു. സമ്പത്ത് നേടൽ ജീവിതത്തിന്റെ ലക്ഷ്യമാവാനും പാടില്ല, ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള ഒരു മാർഗം മാത്രമാണ് സമ്പത്ത്. അത് അവകാശികൾക്കിടയിൽ വിതരണം ചെയ്യപ്പെടണം. സമ്പദ്ക്രമത്തിൽ നിശ്ചലത അനുവദിക്കുകയില്ല. പരമാവധി ഇടപാടുകൾ നടക്കണം. പലിശ നിരോധനവും സകാത്തും പണത്തെ ഈ ദിശയിൽ ചലിപ്പിക്കുന്നു. അങ്ങനെ സമ്പദ് വ്യവസ്ഥ വികസനം പ്രാപിക്കുന്നു. സാമ്പത്തിക വളർച്ചയെ മുതലാളിത്തത്തേക്കാൾ പ്രോത്സാഹിപ്പിക്കുന്നത് ഇസ്‌ലാമാണെന്നു കാണാം.

### 7. സാമ്പത്തിക സാമൂഹിക നീതി.

നീതിയുടെ സംസ്ഥാപനമാണ് ഇസ്‌ലാമിക ശരീഅത്ത് ലക്ഷ്യം വെക്കുന്നത്. എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും ഇസ്‌ലാം നടപ്പാക്കുന്നത് സാമൂഹിക സാമ്പത്തിക നീതി കളിയാടുന്ന ഒരു സമൂഹത്തെ യാഥാർഥ്യമാക്കുന്നതിനാണ്. നീതികൊണ്ട് ഇസ്‌ലാം ഉദ്ദേശിക്കുന്നത് പ്രധാനമായും മൂന്നു കാര്യങ്ങളാണ്:

* അവസരസമത്വവും തുല്യതയും
* സാമ്പത്തിക ഇടപാടുകളിലെ നീതി
* വിതരണത്തിലെ നീതി

സമൂഹത്തിലെ എല്ലാ പൗരന്മാർക്കും അവരുടെ കഴിവുകൾ ഉപയോഗിക്കാനും സാമ്പത്തിക നേട്ടങ്ങൾക്കായി പ്രയത്നിക്കാനുമുള്ള തുല്യമായ അവസരം ഉണ്ടാവണം. ഇതാണ് അവസരസമത്വം. സമ്പത്തും അധ്വാനശേഷിയും ബുദ്ധിയും ഉൽപാദനപ്രവർത്തനത്തിൽ വിനിയോഗിക്കുമ്പോഴാണ് സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാൻ കഴിയുക. അവസരം ലഭിച്ചാലും ചിലപ്പോൾ വിജയിച്ചില്ലെന്ന് വരാം. വിഭവങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹമാണ്. അത് ഉപയോഗിക്കാൻ എല്ലാവർക്കും തുല്യ അവകാശമുണ്ട്.

ഇടപാടുകളിൽ പരമാവധി നീതി പാലിക്കുകയാണ് രണ്ടാമത്തേത്. സ്വാഭാവിക നീതിയെ ഹനിക്കുന്ന എല്ലാതരം ഇടപാടുകളും കൈമാറ്റരീതികളും ഇസ്‌ലാം നിരോധിക്കുന്നു. കമ്പോള ശക്തികൾ സ്വതന്ത്രമായി നിർണയിക്കുന്ന വിലയാണ് നീതിപൂർണമായ വിലയെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു. ഉപഭോക്താക്കളുടെ വാങ്ങൽ ശേഷിയിൽ നിന്നുണ്ടാവുന്ന ചോദനവും ഉൽപാദന ഘടകങ്ങളുടെ പ്രവർത്തനഫലമായുണ്ടാവുന്ന പ്രദാനവും ചേർന്ന് സ്വതന്ത്രമായി വിലനിർണയിക്കപ്പെടണം. എന്നാൽ അസന്തുലിതാവസ്ഥ കാരണം വിലയിൽ അസ്വാഭാവികതകളുണ്ടാവുമ്പോഴും ജനങ്ങൾ ചൂഷണം ചെയ്യപ്പെടുമ്പോഴും സർക്കാറിന് കമ്പോളത്തിൽ ഇടപെടാം. അതും നീതി ഉറപ്പാക്കുന്നതിനാവണം. കമ്പോളത്തിൽ ഇടപെടുന്നവർക്കെല്ലാം അവസരതുല്യതയും ഇടപാടുകളിലെ സുതാര്യതയും സത്യസന്ധതയും സാധനങ്ങളുടെ ഗുണഗണങ്ങളെക്കുറിച്ച കൃത്യമായ അറിവ്, അളവ് തൂക്കങ്ങളിലെ കൃത്യത തുടങ്ങിയവ ഉറപ്പുവരുത്താൻ സർക്കാറിന് ബാധ്യതയുണ്ട്. ഇടപാടുകളിൽ വഞ്ചന, കുത്തകവൽക്കരണം, സംഘം ചേർന്നുള്ള ചൂഷണം (Coalition), കമ്പോള വിലയേക്കാൾ കുറച്ചു വിൽക്കൽ, കൂടുതൽ സാധനങ്ങളിറക്കി വില കുറക്കാൻ ശ്രമിക്കൽ (dumping), ഊഹക്കച്ചവടം, പൂഴ്ത്തിവെപ്പ്, വില ഉയർത്താൻ വേണ്ടി അനാവശ്യമായ ഇടപാടുകൾ നടത്തൽ തുടങ്ങിയവയെല്ലാം ഇസ്‌ലാം നിരോധിക്കുന്നു. ഈ പരിധികൾ പാലിക്കുന്ന കച്ചവടക്കാരൻ അന്ത്യദിനത്തിൽ പ്രവാചകന്മാരുടെയും സിദ്ദീഖുകളുടെയും ശുഹദാക്കളുടെയും കൂടെയാണെന്ന് പ്രവാചകൻ പ്രഖ്യാപിക്കുന്നു. പ്രവാചകന്മാരെപോലെ നീതിക്കുവേണ്ടി നിലകൊള്ളുകയും ശുഹദാക്കളെപോലെ കമ്പോള ശക്തികളോട് നീതിക്കും സത്യത്തിനും വേണ്ടി പോരാടുകയും സിദ്ദീഖുകളെപോലെ അചഞ്ചലരായി ഈ മാർഗത്തിൽ നിലകൊള്ളുകയും ചെയ്യുന്നവരായതുകൊണ്ടാണ് ഇത്. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വം കമ്പോളത്തിൽ ഓരോരുത്തരും നിർവഹിക്കുമ്പോഴാണ് നീതി പൂർവകമായ കമ്പോളം സാധ്യമാവുക. അനീതിയെ നോക്കി നിൽക്കുകയല്ല,

അതിൽ ഇടപെടുകയും തടയുകയും ചെയ്യലാണ് ഓരോരുത്തരുടെയും ഉത്തരവാദിത്വം.

സന്തുലിത വിതരണമാണ് വിതരണനീതി കൊണ്ടുദ്ദേശിക്കുന്നത്. ഉൽപാദന പ്രവർത്തനത്തിൽ ഓരോരുത്തർക്കുള്ള പങ്കാളിത്തമനുസരിച്ചാണ് വിഭവങ്ങൾ വിതരണം ചെയ്യപ്പെടുന്നത്. കൂടുതൽ ജോലി ചെയ്യുന്നവർക്കും കൂടുതൽ സമ്പത്തിന്റെ ഉടമസ്ഥതക്ക് അവകാശമുണ്ടായിരിക്കും. എല്ലാവർക്കും തുല്യമായ വിതരണമല്ല, സന്തുലിതമായ വിതരണമാണ് ഇസ്‌ലാം ഉറപ്പുവരുത്തുന്നത്. ഇവിടെ അനീതിയില്ലേ എന്ന സംശയത്തിന് സ്ഥാനമില്ല. കാരണം വിഭവങ്ങൾ സ്വന്തമാക്കാൻ, അഥവാ ഉൽപാദന പ്രവർത്തനത്തിൽ പങ്കാളിയാവാൻ തുല്യമായ അവസരം, അഥവാ അവസര സമത്വം ആദ്യമേ ഉറപ്പാക്കുന്നുണ്ട്. ഒരാൾക്ക് അതിന് സാധ്യമല്ലാത്ത നിലയിലുള്ള വൈകല്യങ്ങളോ സമ്പത്തിന്റെ അഭാവമോ ഉണ്ടെങ്കിൽ അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനുവേണ്ടി സകാത്തും സ്വദഖയും നിർബന്ധമാക്കുന്നു. എല്ലാവരുടെയും നീതി ഉറപ്പാക്കുന്ന സന്തുലിത വിതരണ ക്രമത്തിലൂടെ ദാരിദ്ര്യം നിർമാർജനം ചെയ്യപ്പെടുന്നു. മുതലാളിത്തം സൃഷ്ടിക്കുന്ന എല്ലാ നീതിനിഷേധങ്ങൾക്കും ഫലപ്രദമായ പരിഹാരമാണ് ഇസ്‌ലാമിക സമ്പദ് വ്യവസ്ഥ. നീതിയോടുള്ള പ്രതിബദ്ധത സ്വാർഥതയെ നിയന്ത്രിക്കുന്നു.

### 8. സമ്പത്ത് ലക്ഷ്യമല്ല, മാർഗം മാത്രം

ധനം പരമാവധി സംഭരിക്കുക മനുഷ്യന്റെ ലക്ഷ്യമാവരുത്. ദൈവസാമീപ്യവും അതുവഴി മോക്ഷവും കൈവരിക്കാനുള്ള ലക്ഷ്യത്തിലേക്കുള്ള പാത സുഗമമാക്കാനുള്ള ഉപാധിമാത്രമാണത്. ധാർമിക പരിധികൾ ബലികഴിച്ച് ധനം ആർജിക്കുന്നത് ഇസ്‌ലാം വിലക്കുന്നു. ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അതേസമയം സാമ്പത്തിക നേട്ടങ്ങൾക്കായി ഉൽപാദനപ്രവർത്തനത്തിൽ ഏർപ്പെടൽ നിർബന്ധ ബാധ്യതയുമാക്കി. സ്വന്തമായി പണംമുടക്കി ഉൽപാദനപ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയാത്തവർക്ക് മറ്റുള്ളവരുമായി പങ്കാളിത്താടിസ്ഥാനത്തിൽ നടത്താനുള്ള നിയമങ്ങൾ ആവിഷ്കരിച്ചു. കടംവാങ്ങലും കൊടുക്കലും അനുവദിച്ചു, പക്ഷെ, പലിശ നിരോധിച്ചു. പണം ലക്ഷ്യമാക്കുന്ന എല്ലാ ഇടപാടുകളും നിരോധിച്ച ഇസ്‌ലാം യഥാർഥ ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്നു. അനാവശ്യമായി വില ഉയരാനും പണപ്പെരുപ്പത്തിനുമുള്ള അവസരം ഇല്ലാതാക്കുന്നു.

### 9. സഹകരണവും മത്സരവും

ദൈവപ്രീതി കരസ്ഥമാക്കാനും ഹലാലായ വിഭവങ്ങൾ ആർജിക്കാനും മത്സരിക്കുന്നതിൽ ഇസ്‌ലാം തെറ്റ് കാണുന്നില്ല. നിയമാനുസൃതമായ മാർഗത്തിൽ കൂടുതൽ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാൻ ഒരാൾ തന്റെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നത് വിലക്കാൻ ഇസ്‌ലാം എവിടെയും നിർദേശിക്കുന്നില്ല. ഈ വിഭവങ്ങൾ സന്തുലിതമായും ഗുണപരമായും ഉപയോഗപ്പെടുത്താനാണ് കൽപന. നന്മയിലും നീതിയിലും സഹകരിക്കുകയും തിന്മയിലും അനീതിയിലും നിസ്സഹകരിക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ സൃഷ്ടിയാണ് ഇസ്‌ലാം ലക്ഷ്യം വെക്കുന്നത്. സഹകരണവും മത്സരവും ഒരുമിച്ച് ചേർക്കുക വഴി ഐക്യം സാധ്യമായ മാതൃകാ സമൂഹം പിറവിയെടുക്കുന്നു.

### 10. സർക്കാറിന്റെ പങ്ക്

നീതിയും സന്തുലിതത്വവും സൃഷ്ടിക്കുന്നതിന് സർക്കാറിന്റെ പങ്ക് അനിവാര്യമാണ്. പ്രതിരോധവും ക്രമസമാധാനവും മാത്രമല്ല, അസന്തുലിതത്വവും അനീതിയും തുടച്ചുനീക്കാൻ കമ്പോളത്തിൽ ആവശ്യമായ സന്ദർഭത്തിൽ സർക്കാർ ഇടപെടണം. അതേസമയം കമ്പോളത്തെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുകയും വേണം. അവസരസമത്വം ഉറപ്പാക്കണം. അതിന് ജനങ്ങളെ പ്രാപ്തരാക്കണം. ഉത്തരവാദിത്വബോധമുള്ള പൗരന്മാരെ സൃഷ്ടിക്കുകയാണ് ക്ഷേമരാഷ്ട്രത്തിലേക്കുള്ള എളുപ്പവഴി എന്ന് ഇസ്‌ലാം കരുതുന്നു.

ഈ തത്ത്വങ്ങൾക്ക് അനുസൃതമായ സാമ്പത്തിക ഇടപാടുകളും രീതികളുമാണ് ആധുനിക ഇസ്‌ലാമിക് ഫൈനാൻസ് യാഥാർഥ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ■

(അവസാനിച്ചു)